# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെമ്മാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പികെഡി-18/1251/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 13/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെമ്മാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെമ്മാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെമ്മാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പികെഡി-18/1251/2022 തീയ്യതി: 13/07/2022

## പാലക്കാട് ജില്ലയിലെ നെമ്മാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ നെമ്മാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-01-2020 മുതൽ 22-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇ.ശശിഭൂഷൻ | ഡെപ്യൂട്ടി ഡയറക്ടർ | 23-05-2022 | 31-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-05-2022 | 31-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീമതി.പി.സരിത, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.എസ്.ഷബ്നാദാസ്, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ.ആർ.രഞ്ജിത്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.പ്രേമൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി.പ്രബിത ജയൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി.രാധിക.കെ | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീ.മനോജ്.എ.ഇ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-06-2020 | 09-06-2020 |
| | | 16-06-2020 | 01-07-2020 |
| ശ്രീ.ഷാജഹാൻ.ഇ | സെക്രട്ടറി | 10-06-2020 | 15-06-2020 |
| ശ്രീ.ആർ.,രാധാകൃഷ്ണൻ | സെക്രട്ടറി | 02-07-2020 | 02-03-2021 |
| ശ്രീ.ഷെഫീക്ക്.കെ.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ആർ.രാധാകൃഷ്ണൻ | അസി.സെക്രട്ടറി | 01-04-2020 | 02-04-2020 |
| (ഒഴിവ്) | അസി.സെക്രട്ടറി | 03-04-2020 | 26-05-2020 |
| ശ്രീ.മനോജ്.എ.ഇ | അസി.സെക്രട്ടറി | 27-05-2020 | 04-08-2020 |
| ജിജാ ആൽബർട്ട് | അസി.സെക്രട്ടറി | 05-08-2020 | 05-08-2020 |
| ശ്രീ.ഷെരീഫ്.കെ.എം | അസി.സെക്രട്ടറി | 06-08-2020 | 31-03-2021 |
| ശ്രീ.വരുൺ.വി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.അലന്റീന ജേക്കബ് | വെറ്ററിനറി സർജ്ജൻ | 01-04-2020 | 17-03-2021 |
| ഡോ.ആതിര പ്രകാശ് | വെറ്ററിനറി സർജ്ജൻ | 18-03-2021 | 31-03-2021 |
| ശ്രീമതി.കെ.റംലത്ത് | എച്ച്.എം | 01-04-2020 | 31-03-2021 |
| ഡോ.ഹസീന.എം | മെഡിക്കൽ ഓഫീസർ(CHC) | 01-04-2020 | 14-02-2021 |
| ഡോ.ജയന്ത് | മെഡിക്കൽ ഓഫീസർ(CHC) | 15-02-2021 | 31-03-2021 |
| ഡോ.സുമേഷ് | മെഡിക്കൽ ഓഫീസർ(ISM) | 01-04-2020 | 11-11-2020 |
| ഡോ.ജെറിൻ | മെഡിക്കൽ ഓഫീസർ(ISM) | 12-11-2020 | 16-03-2021 |
| ഡോ.സിന്ധു | മെഡിക്കൽ ഓഫീസർ(ISM) | 17-03-2021 | 31-03-2021 |

| | | | |
|---|---|---|---|
| Smt.Ivin Godwing Dsilva | Asst.Engineer | 01-04-2020 | 11-08-2020 |
| ശ്രീമതി.കാവ്യ.എസ്.കുമാർ | അസി.എഞ്ചിനിയർ | 12-08-2020 | 17-08-2020 |
| ശ്രീമതി.ഷബീന | അസി.എഞ്ചിനിയർ | 18-08-2020 | 31-03-2021 |
| ശ്രീ.ഷിജു.സി | വി.ഇ.ഒ-1 | 01-04-2020 | 31-03-2021 |
| ശ്രീ.പ്രഭുറാം | വി.ഇ.ഒ-2 | 01-04-2020 | 06-10-2020 |
| ശ്രീ.കൃഷ്ണകുമാർ.ആർ | വി.ഇ.ഒ-2 | 07-10-2020 | 31-03-2021 |
| ശ്രീമതി.സിന്ധു.കെ.കെ | ഐ.ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.രശ്മി.ജെ | DEO | 01-04-2020 | 15-10-2020 |
| ശ്രീമതി.ഷീല.പി.ടി | DEO | 16-10-2020 | 19-01-2021 |
| ശ്രീ.സുരേഷ്കുമാർ | DEO | 20-01-2021 | 31-03-2021 |
| ശ്രീ.ആർ.രാമനാരായണൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ranjith. R (Auditor, On 23-05-2022)<br>Last Updated By: Ranjith. R (Auditor, On 23-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Ranjith. R (Auditor, On 23-05-2022)<br>Last Updated By: Ranjith. R (Auditor, On 23-05-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Ranjith. R (Auditor, On 31-05-2022)<br>Last Updated By: Anish A (Computer Assistant, On 05-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Ranjith. R (Auditor, On 23-05-2022)<br>Last Updated By: Ranjith. R (Auditor, On 23-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 23-05-2022)<br>Last Updated By: C.S.Santhosh (Audit Officer, On 23-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: C.S.Santhosh (Audit Officer, On 23-05-2022)<br>Last Updated By: Anish A (Computer Assistant, On 05-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ranjith. R (Auditor, On 23-05-2022)<br>Last Updated By: Ranjith. R (Auditor, On 23-05-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Ranjith. R (Auditor, On 31-05-2022)<br>Last Updated By: Ranjith. R (Auditor, On 06-06-2022) | 1-7 |
| 9 | സാമൂഹ്യക്ഷേമ പെൻഷൻ ഡാറ്റാ ബേസിലേയും പെൻഷൻ വിതരണത്തിലേയും അപാകങ്ങൾ പരിഹരിക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 06-06-2022)<br>Last Updated By: Anish A (Computer Assistant, On 05-07-2022) | 1-7-1 |
| 10 | ക്യാഷ് പരിശോധന<br>Written By: Ranjith. R (Auditor, On 31-05-2022)<br>Last Updated By: Ranjith. R (Auditor, On 31-05-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: C.S.Santhosh (Audit Officer, On 31-05-2022)<br>Last Updated By: C.S.Santhosh (Audit Officer, On 31-05-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Saritha P (Senior Grade Auditor, On 31-05-2022)<br>Last Updated By: Saritha P (Senior Grade Auditor, On 31-05-2022) | 1-10 |
| 13 | തനത് ഫണ്ടിന്റെ സ്ഥിതി വിലയിരുത്താതെ പദ്ധതി പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തി<br>Written By: C.S.Santhosh (Audit Officer, On 01-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 01-06-2022) | 1-11 |
| 14 | അടിസ്ഥാന വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിനാൽ നഷ്ടം<br>Written By: Ranjith. R (Auditor, On 06-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 06-06-2022) | 1-12 |
| 15 | ടാക്സ് റിവിഷൻ- വസ്തുനികുതി കുറവായി നിർണ്ണയിച്ചു<br>Written By: Ranjith. R (Auditor, On 06-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 06-06-2022) | 1-13 |
| 16 | സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ | 1-14 |

| | | |
|---|---|---|
| | ഉപയോഗക്രമങ്ങൾക്കും ഗ്രാമപഞ്ചായത്തിൽ ബാധകമായ നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല<br>Written By: Ranjith. R (Auditor, On 06-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 06-06-2022) | |
| 17 | അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 06-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 06-06-2022) | 1-15 |
| 18 | അങ്കണവാടി പോഷകാഹാരം - ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല<br>Written By: S.Sabna Das (Senior Grade Auditor, On 01-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 05-06-2022) | 1-16 |
| 19 | നെൽകൃഷിക്ക് ഉഴവ് കൂലി ചെലവ് നൽകൽ -സ്പിൽ ഓവർ പ്രോജക്ട് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല<br>Written By: S.Sabna Das (Senior Grade Auditor, On 01-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 05-06-2022) | 1-17 |
| 20 | ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി - പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 01-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 05-06-2022) | 1-18 |
| 21 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി-പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 01-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 05-06-2022) | 1-19 |
| 22 | കറവപ്പശുക്കൾക്ക് തീറ്റ വിതരണം -ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 01-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 05-06-2022) | 1-20 |
| 23 | മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി മറ്റു ഫണ്ടുകൾക്കു പകരം വികസന ഫണ്ട് ഉപയോഗിച്ചു<br>Written By: Saritha P (Senior Grade Auditor, On 01-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 06-06-2022) | 1-21 |
| 24 | പൊതുടാപ്പുകളുടെ വെള്ളക്കരം - ഗ്രാമപഞ്ചായത്തിന്റെ ബാധ്യത കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Saritha P (Senior Grade Auditor, On 01-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 05-06-2022) | 1-22 |
| 25 | സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി തെരുവുവിളക്കുകൾ വാങ്ങി - അന്വേഷണം ആവശ്യപ്പെടുന്നു<br>Written By: Saritha P (Senior Grade Auditor, On 01-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 13-07-2022) | 1-23 |
| 26 | ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തൽ<br>Written By: Saritha P (Senior Grade Auditor, On 02-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 06-06-2022) | 1-24 |
| 27 | സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ ഉപയോഗം ക്രമപ്പെടുത്തേണ്ടതാണ്<br>Written By: Saritha P (Senior Grade Auditor, On 01-06-2022)<br>Last Updated By: Saritha P (Senior Grade Auditor, On 21-06-2022) | 1-25 |
| 28 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ വിലയിരുത്തൽ<br>Written By: C.S.Santhosh (Audit Officer, On 01-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 06-06-2022) | 1-26 |
| 29 | പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരിൽ നിന്നും | 1-27 |

| | | |
|---|---|---|
| | പിഴ ഈടാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 01-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 06-06-2022) | |
| 30 | ടാർ ബാരലുകളുടെ വിലയിൽ നിന്നും ഈടാക്കിയ ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 01-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 06-06-2022) | 1-28 |
| 31 | പഞ്ചായത്ത് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് - ഒന്നാം നിലയുടെ അനുബന്ധ പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 01-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 06-06-2022) | 1-29 |
| 32 | പഞ്ചായത്ത് ഓഫീസ് ഒന്നാം നില നിർമ്മാണം - പൂർത്തീകരണം ഉറപ്പാക്കണം<br>Written By: C.S.Santhosh (Audit Officer, On 01-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 06-06-2022) | 1-30 |
| 33 | വല്ലങ്ങി ഷോപ്പിംഗ് കോംപ്ലക്സ് - അനുബന്ധ പ്രവൃത്തികൾ പൂർത്തീകരിച്ച് വരുമാനം ഉറപ്പാക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 01-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 06-06-2022) | 1-31 |
| 34 | ബസ് വെയ്റ്റിംഗ് ഷെഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയോ ബിൽ ക്രമീകരിക്കുകയോ ചെയ്തില്ല<br>Written By: C.S.Santhosh (Audit Officer, On 01-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 06-06-2022) | 1-32 |
| 35 | അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന ഇ-ടെണ്ടർ ഫോറങ്ങളുടെ വില ഗ്രാമപഞ്ചായത്തിലേക്ക് കൈമാറേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 06-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 06-06-2022) | 1-33 |
| 36 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-സാധന സാമഗ്രികളുടെ വാങ്ങൽ നടപടികളിൽ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനം<br>Written By: Ranjith. R (Auditor, On 01-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 06-06-2022) | 1-34 |
| | ഭാഗം **2** | |
| 1 | അടിസ്ഥാന വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിനാൽ നഷ്ടം<br>Written By: Ranjith. R (Auditor, On 06-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 06-06-2022) | 2-1 |
| 2 | ടാക്സ് റിവിഷൻ- വസ്തുനികുതി കുറവായി നിർണ്ണയിച്ചു<br>Written By: Ranjith. R (Auditor, On 06-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 06-06-2022) | 2-2 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 01-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 01-06-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 01-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 01-06-2022) | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകിയ വിവരം<br>Written By: Saritha P (Senior Grade Auditor, On 31-05-2022)<br>Last Updated By: C.S.Santhosh (Audit Officer, On 01-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.S.Santhosh (Audit Officer, On 01-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 01-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Ranjith. R (Auditor, On 31-05-2022)<br>Last Updated By: Anish A (Computer Assistant, On 05-07-2022) | 4-5 |
| 6 | വായ്പ, വായ്പ തിരിച്ചടവ്<br>Written By: Saritha P (Senior Grade Auditor, On 31-05-2022)<br>Last Updated By: Anish A (Computer Assistant, On 05-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Saritha P (Senior Grade Auditor, On 31-05-2022)<br>Last Updated By: C.S.Santhosh (Audit Officer, On 01-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: C.S.Santhosh (Audit Officer, On 01-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 01-06-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 01-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 01-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.S.Santhosh (Audit Officer, On 01-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 06-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.S.Santhosh (Audit Officer, On 01-06-2022)<br>Last Updated By: Anish A (Computer Assistant, On 13-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വിവിധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

10-03-2020-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 40034500 |
| തൻവർഷം വരവ് | 323181600 |
| ആകെ വരവ് | 363216100 |
| ചെലവ് | 350207600 |
| നീക്കിയിരിപ്പ് | 13008500 |

പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും 02.12.2016-ലെ സ.ഉ(സാധാ)നം.3291/2016 /തസ്വഭവ ഉത്തരവ് പ്രകാരം അംഗീകരിച്ച കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിൽ നിർദ്ദേശിക്കപ്പെട്ട സമയക്രമം പാലിച്ചതായി കാണുന്നില്ല. തുടർവർഷങ്ങളിൽ ബജറ്റ് നടപടികളുടെ സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2020-21 | 31-7-2021 | 07-05-2021 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്മേൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| Sl No | Head Code | Account | Balance |
|---|---|---|---|
| 1 | 450250102 | Treasury Own Fund | 16081 |
| 2 | 450250109 | LGTSB Own Fund 568 | 2363148 |
| 3 | 450610102 | Canara MGNREGS | 36257 |
| 4 | 450650109 | Treasury STSB- Joint Venture | 1000000 |

2. ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. താഴെ കൊടുക്കുന്ന ഡെപ്പോസിറ്റ് ഇനങ്ങളുടെ മുന്നിരിപ്പിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| Sl No | Head Code | Account | Balance |
|---|---|---|---|
| 1 | 340100301 | Contractors Retention | 168103 |
| 2 | 340109901 | Other Deposits | 40616661 |
| 3 | 340100203 | Bidders Security Deposit | 15000 |
| 4 | 340200199 | Other Deposits- Revenue | 1500 |
| 5 | 340800101 | Deposits Received From Others | 20200 |

3. Election Deposit, Road Cutting Deposit എന്നിവ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4. സംശയാസ്പദ കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5.ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

6. 460500501 Advance To Implementing Officers എന്ന ശീർഷകത്തിൽ സിഎച്ച്സി ക്ക് നൽകിയ 15000/- രൂപ ക്രമീകരിച്ചിട്ടില്ല.

7. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

8. കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9. ബിൽഡിംഗ് റഗുലറൈസേഷൻ രജിസ്റ്റർ പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. 08/28.05.2022-ന് അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 43534978 |
| വരവ് | 125968316 |
| ആകെ | 169503294 |
| ചെലവ് | 148913748 |
| നീക്കിയിരിപ്പ് | 20589546 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 16107988 | 16107988 | 14876400 | 1231588 |
| വികസനഫണ്ട് -എസ്.സി.പി | 0 | 14129757 | 14129757 | 12180812 | 1948945 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 634114 | 634114 | 634114 | 0 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 20413000 | 20413000 | 15,687,268 | 4725732 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 6378823 | 6378823 | 3212690 | 3166133 |
| സെൻട്രൽ | 0 | 8890000 | 8890000 | 5,444,376 | 3445624 |

| | | | | | |
|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അടിസ്ഥാന ഗ്രാന്റ് | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ് | 0 | 13570882 | 13570882 | 8,970,887. | 4599995 |

കേന്ദ്രാവിഷ്കൃതം

1. ICDS

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 1,064,279 | 1,784,714. | 2848993 | 1970522 | 878,471 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 677183 | 1241767 | 1918950 | 1882693 | 36257 |
| എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 55,258,491. | 55,258,491 | 55258491 | 0 |
| ആകെ | 677183 | 56500258 | 57177441 | 57141184 | 36257 |

3. ശുചിത്വ ഫണ്ട്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| *TSC* | 696,038 | 3,911,006 | 4607044 | 2748728 | 1858316 |

സംസ്ഥാനാവിഷ്കൃതാവിഷ്കൃതം

ശുചിത്വ മിഷൻ ഗ്രാന്റ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 220,000 | 0 | 220000 | 220,000 | 0 |

ലൈഫ് മിഷൻ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി | | | 0 | 0 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 336 | 264045914 | 250 | 117122955 | 0 | 86 | 74 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 74% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 44% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 12865000 | 11386000 | 89 |
| വെറ്ററിനറി സർജ്ജൻ | 7 | 6 | 3737680 | 1440822 | 39 |
| മെഡിക്കൽ ഓഫീ സർ-PHC | 8 | 6 | 1389390 | 957956 | 69 |
| മെഡിക്കൽ ഓഫീ സർ-ആയുർവേദം | 2 | 2 | 950000 | 950000 | 100 |
| വി.ഇ.ഒ | 31 | 26 | 89682138 | 23118124 | 26 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 6 | 14299780 | 8100479 | 57 |
| സെക്രട്ടറി | 66 | 49 | 40914658 | 20780145 | 51 |
| അസി.സെക്രട്ടറി | 8 | 7 | 3528774 | 2702332 | 77 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 192 | 140 | 92168734 | 46336107 | 50 |
| എച്ച്.എം | 3 | 2 | 1239760 | 700990 | 57 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1150000 | 650000 | 57 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 0 | 2120000 | 0 | 2120000 |
| ആകെ | 336 | 250 | 264045914 | 117122955 | 44 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്-അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 677183 | 1241767 | 1918950 | 1882693 | 36257 |
| എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളികളുടെ | 0 | 55,258,491 | 55,258,491 | 55258491 | 0 |

| | | | | | |
|---|---|---|---|---|---|
| വേതനം | | | | | |
| ആകെ | 677183 | 56500258 | 57177441 | 57141184 | 36257 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 16682100 | 1055 |
| 3 | വിധവാ പെൻഷൻ | 23278100 | 1564 |
| 4 | വാർദ്ധക്യകാല പെൻഷൻ | 43362200 | 3093 |
| 5 | വികലാംഗ പെൻഷൻ | 7369500 | 476 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹി തരായ വനിതകൾക്കുള്ള പെൻഷൻ | 2426100 | 155 |

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികയായി ചേർക്കുന്നു.

### 1-7-1 സാമൂഹ്യക്ഷേമ പെൻഷൻ ഡാറ്റാ ബേസിലേയും പെൻഷൻ വിതരണത്തിലേയും അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

3.09.2020-ലെ സ.ഉ(എം.എസ്)നം.97/2020/ധന പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും സംബന്ധിച്ച് ക്രോഡീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബാധ്യസ്ഥനാണ്. വിതരണം ചെയ്യാത്ത തുക/അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തുത തുക തിരിച്ചുപിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 0011023000269 നമ്പർ അക്കൗണ്ടിലേക്ക് (IFSC KSBK0000101) തിരിച്ചടയ്ക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

പെൻഷൻ വിതരണത്തിന്റെ കൃത്യത പരിശോധിക്കുന്നതിന്റെ ഭാഗമായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ ബിൽ ഡിസ്ക്രിപ്പൻസി റിപ്പോർട്ടുകളും 2019 വർഷത്തെ മരണ രജിസ്റ്റർ ക്രമ നം. 251 മുതൽ 340 വരെയും 2020 വർഷത്തെ മരണ രജിസ്റ്റർ ക്രമ നം. 101 മുതൽ 200 വരെയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. ആയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു

2020 വർഷത്തെ മരണ രജിസ്റ്റർ, രജി നം. 101 മുതൽ 200 വരെ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന പെൻഷനർമാർ മരണപ്പെടുകയും ഈ സ്ഥാപനത്തിൽ തന്നെ പ്രസ്തുത മരണം രജിസ്റ്റർ ചെയ്യുകയും

ചെയ്തിട്ടും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതായി കാണുന്നു.

*1. പെൻഷനറുടെ പേര്/വിലാസം- പ്രഭാകരൻ.പി.എ, കൈലാസ്, അയിനംപാടം, നെമ്മാറ*
*പെൻഷൻ ഇനം- ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - :- പ്രായം 75 വയസിനു താഴെ*
*പെൻഷനർ ഐഡി- 108760201307*
*ബാങ്ക് അക്കൗണ്ട് വിവരങ്ങൾ: Catholic Syrian Bank 010300556060190001 CSBK0000103*
*ആധാർ നം- 464222728238*
*മരണപ്പെട്ട തീയതി : 21-05-2020*
*മരണം രജിസ്റ്റർ ചെയ്ത നം/ തീയതി :116/20- 25-05-2020*

മരണം രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം :

| ക്രമ നം. | വിതരണം നടത്തിയ മാസം | തുക | പിഎൻആർ / യുറ്റിആർ നം. |
|---|---|---|---|
| 1 | May, June-2020 | 2600 | 9554633575 |
| 2 | July, August-2020 | 2600 | 0235096245 |
| 3 | September-2020 | 1400 | 0908822427 |
| 4 | October-2020 | 1400 | 1550752529 |
| 5 | November-2020 | 1400 | 2180260128 |
| 6 | December-2020 | 1400 | 2761445297 |
| 7 | January-2021 | 1500 | 3575223435 |
| 8 | February-2021 | 1500 | 0530472333 |
| 9 | March-2021 | 1500 | 1144304276 |
| 10 | April-2021 | 1600 | 1162522831 |
| 11 | May-2021 | 1600 | 2760125858 |
| 12 | June-2021 | 1600 | 3603466094 |
| 13 | July-2021 | 1600 | 4354339452 |
| 14 | August-2021 | 1600 | 4353345134 |
| 15 | September-2021 | 1600 | 5510439899 |
| 16 | October-2021 | 1600 | 6282205711 |
| 17 | November-2021 | 1600 | 7151171739 |
| 18 | December-2021 | 1600 | 7572311672 |
| 19 | January-2022 | 1600 | 8827121668 |
| 20 | February-2022 | 1600 | 9579881734 |
| 21 | March-2022 | 1600 | 0308407991 |

| | | | |
|---|---|---|---|
| 22 | April-2022 | 1600 | 0309542955 |
| | Total | 36100 | |

*2. പെൻഷനറുടെ പേര്/വിലാസം- കുട്ടിയമ്മു പൊന്നച്ചാമി 10/127,ചൈതന്യ,അകമ്പാടം, പോത്തുണ്ടി*

*പെൻഷൻ ഇനം- ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - :- പ്രായം75 വയസിനു മുകളിൽ*
*പെൻഷനർ ഐഡി- 108760200377*

*ബാങ്ക് അക്കൗണ്ട് വിവരങ്ങൾ: Union Bank Of India 339702120000315 UBIN0533971*
*ആധാർ നം- 901469352865*

*മരണപ്പെട്ട തീയതി : 19-03-2020*

*മരണം രജിസ്റ്റർ ചെയ്ത നം/ തീയതി :120/20- 01-06-2020*

മരണം രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം :

| ക്രമ നം. | വിതരണം നടത്തിയ മാസം | തുക | പിഎൻആർ/ യുറ്റിആർ നം |
|---|---|---|---|
| 1 | May, June-2020 | 3000 | 9558050321 |
| 2 | July, August-2020 | 3000 | 0236872492 |
| 3 | September-2020 | 1500 | 0910930226 |
| 4 | October-2020 | 1500 | 1545466330 |
| 5 | November-2020 | 1500 | 2180949446 |
| 6 | December-2020 | 1500 | 2762347057 |
| 7 | January-2021 | 1500 | 3576951721 |
| 8 | February-2021 | 1500 | 0529399317 |
| 9 | March-2021 | 1500 | 1147293924 |
| 10 | April-2021 | 1600 | 1167719830 |
| 11 | May-2021 | 1600 | 2758046689 |
| 12 | June-2021 | 1600 | 3601409041 |
| 13 | July-2021 | 1600 | 4355802657 |
| 14 | August-2021 | 1600 | 4353389536 |
| 15 | September-2021 | 1600 | 5519032679 |
| 16 | October-2021 | 1600 | 6281969039 |
| 17 | November-2021 | 1600 | 7150034519 |
| 18 | December-2021 | 1600 | 7571039793 |
| 19 | January-2022 | 1600 | 8827137837 |
| 20 | February-2022 | 1600 | 9578709674 |
| 21 | March-2022 | 1600 | 0309570406 |
| 22 | April-2022 | 1600 | 0309129619 |
| | Total | 37300 | |

*3. പെൻഷനറുടെ പേര്/വിലാസം- സൈദുമുഹമ്മദ്, 5/426, സഫ്ന മൻസിൽ, വിത്തനശ്ശേരി*
*പെൻഷൻ ഇനം- ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ -പ്രായം75 വയസിനുതാഴെ*

*പെൻഷനർ ഐഡി- 108760202479*

*ബാങ്ക് അക്കൗണ്ട് വിവരങ്ങൾ: State Bank Of India 67166084724(SBIN0070182-NEMMARA)*
*ആധാർ നം- 444522943994*

*മരണപ്പെട്ട തീയതി : 19-05-2020*

*മരണം രജിസ്റ്റർ ചെയ്ത നം/ തീയതി :121/20- 01-06-2020*

മരണം രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം:

| ക്രമ നം. | വിതരണം നടത്തിയ മാസം | തുക | പിഎൻആർ/ യുറ്റിആർ നം. |
|---|---|---|---|
| 1 | May, June-2020 | 2600 | 9555807777 |
| 2 | July, August-2020 | 2600 | 0234822189 |
| 3 | September-2020 | 1400 | 0908602370 |
| 4 | October-2020 | 1400 | 1546100030 |
| 5 | November-2020 | 1400 | 2180108535 |
| 6 | December-2020 | 1400 | 2761091169 |
| 7 | January-2021 | 1500 | 3573879078 |
| 8 | February-2021 | 1500 | 0529987192 |
| 9 | March-2021 | 1500 | 1143784708 |
| 10 | April-2021 | 1600 | 1162459444 |
| 11 | May-2021 | 1600 | 2758353190 |
| 12 | June-2021 | 1600 | 3601416350 |
| 13 | July-2021 | 1600 | 4355804964 |
| 14 | August-2021 | 1600 | 4353394026 |
| 15 | September-2021 | 1600 | 5518705850 |
| 16 | October-2021 | 1600 | 6281971430 |
| 17 | November-2021 | 1600 | 7151162919 |
| 18 | December-2021 | 1600 | 7571042017 |
| 19 | January-2022 | 1600 | 8826403881 |
| 20 | February-2022 | 1600 | 9579040142 |
| 21 | March-2022 | 1600 | 0309572690 |

| | | | |
|---|---|---|---|
| 22 | April-2022 | 1600 | 0309131903 |
| | Total | 36100 | |

*4. പെൻഷനറുടെ പേര്/വിലാസം- സീതാലക്ഷ്മി, 3/177,അനന്തല വീട്,വല്ലങ്ങി*
*പെൻഷൻ ഇനം- ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ -പ്രായം75 വയസിനു താഴെ*
*പെൻഷനർ ഐഡി- 108760202215*
*ബാങ്ക് അക്കൗണ്ട് വിവരങ്ങൾ: State Bank Of India 67109395238(SBIN0070182)*
*ആധാർ നം- 536200874827*
*മരണപ്പെട്ട തീയതി : 28-05-2020*
*മരണം രജിസ്റ്റർ ചെയ്ത നം/ തീയതി :129/20- 16-06-2020*

മരണം രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം :

| ക്രമ നം. | വിതരണം നടത്തിയ മാസം | തുക | പിഎൻആർ/ യുറ്റിആർ നം. |
|---|---|---|---|
| 1 | July, August-2020 | 2600 | 0237049333 |
| 2 | September-2020 | 1400 | 0907889875 |
| 3 | October-2020 | 1400 | 1546102235 |
| 4 | November-2020 | 1400 | 2180219962 |
| 5 | December-2020 | 1400 | 2761552492 |
| 6 | January-2021 | 1500 | 3581125778 |
| 7 | February-2021 | 1500 | 0528755035 |
| | Total | 11200 | |

*5. പെൻഷനറുടെ പേര്/വിലാസം- മോഹനകൃഷ്ണൻ, 6/416, പൂക്കോട്ട് അനശ്രുതി, വിത്തനശ്ശേരി*
*പെൻഷൻ ഇനം- ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ -പ്രായം75 വയസിനുതാഴെ*
*പെൻഷനർ ഐഡി- 108760202492*
*ബാങ്ക് അക്കൗണ്ട് വിവരങ്ങൾ: Punjab National Bank 4322000100039822(PUNB0432200)*
*ആധാർ നം- 459192396394*
*മരണപ്പെട്ട തീയതി : 01-08-2020*
*മരണം രജിസ്റ്റർ ചെയ്ത നം/ തീയതി :170/20- 06-08-2020*

മരണം രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം:

| ക്രമ നം. | വിതരണം നടത്തിയ മാസം | തുക | പിഎൻആർ/ യുറ്റിആർ നം. |
|---|---|---|---|
| 1 | September-2020 | 1400 | 0908482574 |
| 2 | October-2020 | 1400 | 1546540358 |
| 3 | November-2020 | 1400 | 2179689701 |
| 4 | December-2020 | 1400 | 2761782347 |
| 5 | January-2021 | 1500 | 3581138618 |
| 6 | February-2021 | 1500 | 0528530853 |
| 7 | March-2021 | 1500 | 1145751112 |
| 8 | April-2021 | 1600 | 1167724341 |
| 9 | May-2021 | 1600 | 2758353195 |
| 10 | June-2021 | 1600 | 3603457135 |
| 11 | July-2021 | 1600 | 4355807185 |
| 12 | August-2021 | 1600 | 4353394032 |

| | | | |
|---|---|---|---|
| 13 | September-2021 | 1600 | 5519445988 |
| 14 | October-2021 | 1600 | 6282193467 |
| 15 | November-2021 | 1600 | 7151162924 |
| 16 | December-2021 | 1600 | 7571042023 |
| 17 | January-2022 | 1600 | 8826403887 |
| 18 | February-2022 | 1600 | 9579040151 |
| 19 | March-2022 | 1600 | 0309572696 |
| 20 | April-2022 | 1600 | 0309131909 |
| | Total | 30900 | |

*6. പെൻഷനറുടെ പേര്/വിലാസം- കൃഷ്ണൻ, കിഴക്കൻപാടം, നെന്മാറ*

*പെൻഷൻ ഇനം- കർഷക തൊഴിലാളി പെൻഷൻ*

*പെൻഷനർ ഐഡി- 108760101408*

*ബാങ്ക് അക്കൗണ്ട് വിവരങ്ങൾ: Canara Bank 0810101007017(CNRB0000810)*

*ആധാർ നം- 240724136587*

*മരണപ്പെട്ട തീയതി : 11-02-2020*

*മരണം രജിസ്റ്റർ ചെയ്ത നം/ തീയതി :187/20- 04-09-2020*

മരണം രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം:

| ക്രമ നം. | വിതരണം നടത്തിയ മാസം | തുക | പിഎൻആർ/ യുറ്റിആർ നം. |
|---|---|---|---|
| 1 | September-2020 | 1400 | 0908482574 |
| 2 | October-2020 | 1400 | 1546540358 |
| 3 | November-2020 | 1400 | 2179689701 |
| 4 | December-2020 | 1400 | 2761782347 |
| 5 | January-2021 | 1500 | 3581138618 |
| 6 | February-2021 | 1500 | 0528530853 |
| 7 | March-2021 | 1500 | 1145751112 |
| 8 | April-2021 | 1600 | 1167724341 |
| 9 | May-2021 | 1600 | 2758353195 |
| 10 | June-2021 | 1600 | 3603457135 |
| 11 | July-2021 | 1600 | 4355807185 |
| 12 | August-2021 | 1600 | 4353394032 |
| 13 | September-2021 | 1600 | 5519445988 |
| 14 | October-2021 | 1600 | 6282193467 |
| 15 | November-2021 | 1600 | 7151162924 |
| 16 | December-2021 | 1600 | 7571042023 |
| 17 | January-2022 | 1600 | 8826403887 |
| 18 | February-2022 | 1600 | 9579040151 |
| 19 | March-2022 | 1600 | 0309572696 |
| 20 | April-2022 | 1600 | 0309131909 |
| | Total | 30900 | |

*7. പെൻഷനറുടെ പേര്/വിലാസം- പെട്ട, തിരുത്തം പാടം, നെന്മാറ*
*പെൻഷൻ ഇനം- ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - പ്രായം75 വയസിനുമുകളിൽ*
*പെൻഷനർ ഐഡി- 108760200150*
*ബാങ്ക് അക്കൗണ്ട് വിവരങ്ങൾ: Union Bank Of India 339702120000310(UBIN0533971)*
*ആധാർ നം- 238236859678*
*മരണപ്പെട്ട തീയതി : 15-08-2020*
*മരണം രജിസ്റ്റർ ചെയ്ത നം/ തീയതി :191/20- 07-09-2020*

മരണം രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം:

| ക്രമ നം. | വിതരണം നടത്തിയ മാസം | തുക | പിഎൻആർ/ യുറ്റിആർ നം. |
|---|---|---|---|

| | | | |
|---|---|---|---|
| 1 | September-2020 | 1500 | 0908547520 |
| 2 | October-2020 | 1500 | 1545979197 |
| 3 | November-2020 | 1500 | 2180220935 |
| 4 | December-2020 | 1500 | 2763635873 |
| 5 | January-2021 | 1500 | 3576951720 |
| 6 | February-2021 | 1500 | 0529399316 |
| 7 | March-2021 | 1500 | 1147291714 |
| 8 | April-2021 | 1600 | 1167719829 |
| 9 | May-2021 | 1600 | 2758044419 |
| 10 | June-2021 | 1600 | 3601411113 |
| 11 | July-2021 | 1600 | 4355800409 |
| 12 | August-2021 | 1600 | 4353387305 |
| 13 | September-2021 | 1600 | 5519032678 |
| 14 | October-2021 | 1600 | 6282107638 |
| 15 | November-2021 | 1600 | 7150032316 |
| 16 | December-2021 | 1600 | 7571035377 |
| 17 | January-2022 | 1600 | 8827135823 |
| 18 | February-2022 | 1600 | 9578707466 |
| 19 | March-2022 | 1600 | 0309568171 |
| 20 | April-2022 | 1600 | 0309127395 |
| | Total | 31300 | |

*2020 വർഷത്തെ മരണ രജിസ്റ്ററിലെ രജിസ്റ്റർ നം. 101 മുതൽ 200 വരെ മാത്രമാണ് പരിശോധനയ്ക്ക് വിധേയമാക്കിയത്. ആയതിൽ തന്നെ 212800/- രൂപ സംസ്ഥാന സർക്കാരിന് നഷ്ടമുണ്ടാവുന്നതായി കണ്ടെത്തി.*

2. ഗുണഭോക്താക്കൾക്ക് നേരിട്ട് വിതരണം ചെയ്യുന്ന (Direct To Home) പെൻഷൻ തുക - അപാകതകൾ

09/2020, 10/2020 എന്നീ മാസങ്ങളിലെ പെൻഷൻ വിതരണം സംബന്ധിച്ച ബിൽ ഡിസ്ക്രിപ്പൻസി റിപ്പോർട്ടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനർ ഐഡി | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | വിതരണത്തിലെ അപാകത |
|---|---|---|---|---|
| 1 | 108760600100 | തങ്ക | വിധവാ പെൻഷൻ | 05/2020 മുതൽ 11/2020 വരെ മരണപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. 12/2020 മുതൽ 05/2021 വരെ തുക കൈപ്പറ്റിയതായി കാണുന്നു. തുടർന്ന് 06/2021 ന് വീണ്ടും മരണപ്പെട്ടതായി രേഖപ്പെടുത്തി. |
| 2 | 108760400535 | സുഭാഷിണി | വികലാംഗ പേൻഷൻ | 10/2019 മുതൽ 11/2020 വരെ മരണപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. 12/2020 ന് തുക കൈപ്പറ്റിയതായി കാണുന്നു. 1/2021 മുതൽ 2/2021 വരെ വീണ്ടും മരണപ്പെട്ടതായി രേഖപ്പെടുത്തി. 03/2021 ന് തുക കൈപ്പറ്റി. 4/2021 വീണ്ടും മരണപ്പെട്ടതായി രേഖപ്പെടുത്തി. |
| 3 | 108760600178 | ലക്ഷ്മി | വിധവാ പെൻഷൻ | 05/2020, 06/2020 മാസങ്ങളിൽ മരണപ്പെട്ടതായി രേഖപ്പെടുത്തി. 07/2020, 08/2020 മാസങ്ങളിൽ തുക കൈപ്പറ്റി. 09/2020 ൽ വീണ്ടും മരണപ്പെട്ടതായി രേഖപ്പെടുത്തി. |

3. ഗുണഭോക്താക്കൾ മരണപ്പെട്ടിട്ടും ആക്ടീവ് പെൻഷനറായി തുടരുന്നു

2019 വർഷത്തെ മരണ രജിസ്റ്റർ, രജി നം. 251 മുതൽ 340 വരെ സേവന പെൻഷൻ സോഫ്റ്റ്‌വെയർ വിവരങ്ങളുമായി താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന പെൻഷനർമാർ മരണപ്പെടുകയും ഈ സ്ഥാപനത്തിൽ തന്നെ പ്രസ്തുത മരണം രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടും നിലവിലും ആക്ടീവ് പെൻഷനറായി തുടരുന്നതായി കാണുന്നു.

| ക്രമ നം. | പെൻഷനർ ഐഡി | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നം. |
|---|---|---|---|---|---|
| 1 | 108760200467 | പാർവ്വതി | വാർദ്ധക്യ കാല പെൻഷൻ | 23-10-2019 | 302/2019 |
| 2 | 108760600679 | പാറുക്കുട്ടി | വിധവ പെൻഷൻ | 05-11-2019 | 305/2019 |
| 3 | 108760200806 | കുര്യാക്കോസ് | വാർദ്ധക്യകാല പെൻഷൻ | 07-11-2019 | 309/2019 |
| 4 | 108760202271 | സരോജിനി അമ്മ | വാർദ്ധക്യകാല പെൻഷൻ | 09-11-2019 | 310/2019 |
| 5 | 108760201695 | സുബ്രമണ്യൻ | വാർദ്ധക്യകാല പെൻഷൻ | 25-11-2019 | 319/2019 |
| 6 | 108760201102 | നാരായണൻ | വാർദ്ധക്യകാല പെൻഷൻ | 19-11-2019 | 320/2019 |

| | | | | | |
|---|---|---|---|---|---|
| 7 | 108760100487 | ചാമി | കർഷക തൊഴിലാളി പെൻഷൻ | 30-11-2019 | 329/2019 |
| 8 | 108760100137 | ചാമി | കർഷക തൊഴിലാളി പെൻഷൻ | 18-11-2019 | 334/2019 |
| 9 | 108760201822 | നടരാജൻ | വാർദ്ധക്യകാല പെൻഷൻ | 20-08-2019 | 251/2019 |
| 10 | 108760100405 | കല്ല്യാണി | കർഷക തൊഴിലാളി പെൻഷൻ | 10-09-2019 | 257/2019 |
| 11 | 108760100908 | കല്ല്യാണി | കർഷക തൊഴിലാളി പെൻഷൻ | 27-09-2019 | 269/2019 |

മേൽ പറഞ്ഞവർ നിലവിൽ ആക്റ്റീവ് പെൻഷനറായി തുടരുന്നുണ്ടെങ്കിലും മസ്റ്ററിംഗ് പൂർത്തീകരിച്ചിട്ടില്ല എന്ന കാരണം കൊണ്ട് പെൻഷൻ തടഞ്ഞുവച്ചിട്ടുണ്ട്.

മേൽ അപാകതകൾ ചൂണ്ടികാണിച്ചുകൊണ്ട നലൽകിയ ഓഡിറ്റ് അന്വേഷണം നം.4/26.05.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

*നിർദ്ദേശങ്ങൾ*

1. *മരണപ്പെട്ട ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക മാറ്റി നൽകിയത് കണ്ടെത്തുന്നതിനായി മരണ രജിസ്റ്ററിലെ വിവരം പൂർണ്ണമായി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.*
2. *തുടർ അന്വേഷണം നടത്തി അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.*
3. *മരണപ്പെട്ടവരെ അടിയന്തിരമായി പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.*
4. *ഗുണഭോക്താക്കൾക്ക് നേരിട്ട് വിതരണം ചെയ്ത തുകയിലെ ക്രമക്കേടുകൾ സംബന്ധിച്ച് തുടർ അന്വേഷണം നടത്തേണ്ടതും തുക തിരിച്ചുപിടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.*

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-05-2022 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 12137/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വലിയൊരു തുക ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി ഡെപ്പോസിറ്റ് സ്വീകരിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ കണക്ക് കൃത്യമാക്കി സൂക്ഷിക്കുവാൻ ശ്രദ്ധിച്ചിട്ടില്ല. തനത് ഫണ്ടിന്റെ സാമ്പത്തിക നില പരിശോധിക്കാതെ പദ്ധതി പ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചതിനാൽ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായത് വിലയിരുത്തപ്പെട്ടിട്ടില്ല.

ബജറ്ററി നിയന്ത്രണം, അക്കൗണ്ടിംഗ് എന്നിവ കാര്യക്ഷമമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ ഉന്നതാധികാരികളുടെ ഭാഗത്തു നിന്നും ഇടപെടലുകൾ ഉണ്ടാകുന്നില്ല എന്ന് വിലയിരുത്തുന്നു. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുന്നുണ്ടോ എന്ന് ഉറപ്പാക്കപ്പെട്ടിട്ടില്ല.

പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സിൽ പല രേഖപ്പെടുത്തലുകളും നടത്താത്തതിനാൽ പല വാങ്ങലുകളിലും പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. GeM ൽ ലഭ്യമായ സാധനങ്ങൾ പലതും മറ്റു രീതിയിൽ വാങ്ങുന്നത് ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുക സമയബന്ധിതമായി ചെലവഴിക്കുന്നതിലും കൃത്യമായ കണക്ക് സൂക്ഷിക്കുന്നതിലും ബാക്കി തുക തിരിച്ചടയ്ക്കുന്നതിലും ശ്രദ്ധിച്ചിട്ടില്ല.

ഷോപ്പിംഗ് കോംപ്ലക്സുകൾ, പേ ആന്റ് പാർക്ക് മുതലായവയിൽ നിന്നും പരമാവധി വരുമാനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

ഫണ്ടുകൾ വക മാറ്റി ചെലവഴിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഉദ്യോഗസ്ഥരുടേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും കാര്യക്ഷമമായി ഇടപെടൽ ഉണ്ടാകേണ്ടതാണ്.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിയിട്ടുള്ള നെന്മാറ ഗ്രാമപഞ്ചായത്തിന്റെ രേഖകളുടെ സൂക്ഷിപ്പിൽ കുറേക്കൂടി ശ്രദ്ധിക്കേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

18-9-19 മുതൽ 30-9-19 വരെയുള്ള തിയതികളിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2014-15 മുതൽ 2018-19 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പരാമർശങ്ങൾ തീർപ്പാക്കുവാനുള്ള നടപടികൾ തുടരുന്നുണ്ട്.

3/22 വരെയുള്ള കണക്കുകൾ 22-4-22 ന് പെർഫോമൻസ് ഓഡിറ്റ് പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## 1-11 തനത് ഫണ്ടിന്റെ സ്ഥിതി വിലയിരുത്താതെ പദ്ധതി പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തി

സ.ഉ(എം.എസ്)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിലെ ഖ. 5.1(3) പ്രകാരം നിയമാനുസൃതമുള്ള അനിവാര്യ ചെലവുകൾക്കും മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബജറ്റിൽ മാറ്റി വെച്ച ശേഷം മിച്ചമുള്ള തുക തനത് ഫണ്ട് എന്ന സ്രോതസ്സായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

എന്നാൽ വിശദമായ വിലയിരുത്തൽ നടത്താതെ 2020-21 വർഷത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും 7.25 കോടി രൂപ വകയിരുത്തി 3.10 കോടി രൂപ ചെലവഴിച്ചത് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഗണ്യമായി ബാധിക്കുന്നതിനിടയാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

2020-21വർഷത്തെ തനത് ഫണ്ട് മുന്നിരിപ്പ്

SBI – 20513475
VSCB – 10545536
Treasury TSB – 1999146
Investment - 26968443
ആകെ - 60026600

ബാധ്യത-മുന്നിരിപ്പ്

Rent Deposit – 6162767
Other Deposit - 40616661
EMD, SD, Etc. - 972558
ആകെ - 47751986
വ്യത്യാസം - 12274614

ബാധ്യതകൾ കഴിച്ചുള്ള തനത് ഫണ്ടിന്റെ യഥാർത്ഥ മുന്നിരിപ്പ് 1.22 കോടി രൂപ മാത്രം ആയിരിക്കുമ്പോഴാണ് 7.25 കോടി രൂപ തനത് ഫണ്ടിൽ നിന്നും പദ്ധതി വിഹിതമായി വകയിരുത്തുകയും 3.10 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുള്ളത്. അനിവാര്യ ചെലവുകൾക്കും മറ്റ്

ചെലവുകൾക്കുമുള്ള തുകകളും വിവിധ ഡെപ്പോസിറ്റ് തുകകളും മേൽ ആവശ്യത്തിനായി ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

അനിവാര്യ ചുമതലകളും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും നിർവ്വഹിക്കുന്നതിനായി മാത്രം വലിയൊരു തുക ആവശ്യമുള്ള നെന്മാറ ഗ്രാമപഞ്ചായത്ത്, തനത് ഫണ്ടിന്റെ യഥാർത്ഥ സ്ഥിതി വിലയിരുത്താതെ തുക ചെലവഴിച്ചതിനാൽ ധനസ്ഥിതി നെഗറ്റീവ് ഫണ്ടായി മാറിയിട്ടുണ്ട്. തിരികെ നൽകേണ്ട ഡെപ്പോസിറ്റ് തുകകൾ കൂടി വക മാറ്റി ചെലവഴിച്ചിട്ടുണ്ട്.

2020-21, 2021-22 വർഷങ്ങളിലെ ധനസ്ഥിതി താഴെ ചേർക്കുന്നു.

31-3-2021 ലെ സാമ്പത്തിക സ്ഥിതി

തനത് ഫണ്ട് നീക്കിയിരിപ്പ് - 48650836

ബാധ്യത – 49693759

ബാക്കി - (-) 1042923

31-3-2022 ലെ സാമ്പത്തിക സ്ഥിതി

തനത് ഫണ്ട് നീക്കിയിരിപ്പ് - 42174790

ബാധ്യത – 50944735

ബാക്കി - (-) 8769945

ധനസ്ഥിതി വിലയിരുത്തി അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിലേക്കായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് അന്വേഷണം നം. 6/28-5-22)

1-12 അടിസ്ഥാന വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിനാൽ നഷ്ടം

| | |
|---|---|
| ഫയൽ നം. | എ4-5130/2020 തീയതി 14-08-2020 |
| കെട്ടിട ഉടമയുടെ പേര്/ വിലാസം | മുരളീകൃഷ്ണൻ, അടിച്ചിറ, കയ്പ്പഞ്ചേരി, അയിലൂർ |
| അനുവദിച്ച കെട്ടിട നം. | 3/858 |
| വിസ്തീർണ്ണം | താഴത്തെ നില : 105.95, ഒന്നാം നില : 79.11 ആകെ- 185.06 ച.മീ |
| നികുതി പ്രാബല്യത്തിൽ വന്ന തിയതി | 2020 First Half |

മേൽ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 30 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 50 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 185.06 ച. മീ തറവിസ്തീർണ്ണമുള്ള മേൽ കെട്ടിടത്തെ 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടലിന് ബാധകമായ നിരക്ക് രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. (ചതുരശ്ര മീറ്ററിന് 20 രൂപ കുറവായി നിർണ്ണയിച്ചു).
2. കെട്ടിട ഉടമ സമർപ്പിച്ചിട്ടുള്ള വസ്തുനികുതി നിർണ്ണയ റിട്ടേണിലും (ഫാറം-2) പ്ലാനിലും കെട്ടിടത്തിന് സമീപമുള്ള റോഡിന്റെ പേര് മംഗലം ഗോവിന്ദാപുരം സംസ്ഥാന പാത (5 മീറ്ററിലധികം വീതി) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 1.5 മീറ്റർ മുതൽ 5 മീറ്റർ വരെയുള്ള റോഡ് എന്ന് രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചത് (20% വർദ്ധനവ് വരുത്തിയില്ല).
3. തറവിസ്തീർണ്ണം താഴത്തെ നില 105.95, ഒന്നാം നില 79.11 എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതിന് പകരം ഒന്നാം നില 185.06 ച. മീ എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
4. കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം ടിൻ ഷീറ്റ് എന്നാണ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ

കോൺക്രീറ്റ് എന്ന് രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചത് (10% ഇളവ് നൽകിയില്ല).
തെറ്റായി നികുതി നിർണ്ണയിച്ചതിനാൽ 5884 രൂപ തൻവർഷം നികുതിയിനത്തിൽ നഷ്ടമായതായി കണ്ടെത്തിയിട്ടുണ്ട്. (വിശദാംശങ്ങൾ ഹ. 2-1 ൽ നൽകിയിട്ടുണ്ട്).

## 1-13 ടാക്സ് റിവിഷൻ- വസ്തുനികുതി കുറവായി നിർണ്ണയിച്ചു

| | |
|---|---|
| ഫയൽ നം. | A4/1016/21 Dt 06/02/2021 |
| കെട്ടിട ഉടമയുടെ പേര്/ വിലാസം | കെ എ പോൾസൺ, കോന്നോത്ത് ഹൗസ്, നിയർ ടി ബി റോഡ്, നെന്മാറ |
| കെട്ടിട നം. | 16/766 |
| വിസ്തീർണ്ണം/ഉപയോഗക്രമം | 105.57ച. മീ /ഹോട്ടൽ |

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 30 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 50 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിലധികം തറവിസ്തീർണ്ണമുള്ള മേൽ കെട്ടിടത്തെ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി പുനർനിർണ്ണയിച്ചതിനാൽ തൻവർഷം 2532/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.
(വിശദാംശങ്ങൾ ഹ.2-2 ൽ നൽകിയിട്ടുണ്ട്).

## 1-14 സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും ഗ്രാമപഞ്ചായത്തിൽ ബാധകമായ നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല

2011 -ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു.

14.01.2011 ലെ സ.ഉ(അ)നം.19/2011/തസ്വഭവ (എസ്.ആർ.ഒ നം. 36/2011) പ്രകാരം ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധി നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ (എസ്.ആർ.ഒ നമ്പർ 100/2015), 08.09.2020-ലെ സ.ഉ(അ)നം.53/2020/തസ്വഭവ (എസ്.ആർ.ഒ നമ്പർ 575/2020) എന്നിവ പ്രകാരം ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു.

നെന്മാറ ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് പഞ്ചായത്ത് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

| ക്രമ നം. | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ് | 3 | 8 |
| 2 | ആയുർവേദ സുഖ ചികിത്സാകേന്ദ്രങ്ങൾ | 150 | 160 |
| 3 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 1/27.05.2022- ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ ഉപയോഗക്രമങ്ങളുടെ വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-15 അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

അനധികൃത നിർമ്മാണങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ സംബന്ധിക്കുന്ന രജിസ്റ്ററിൽ 61 കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ 26 കെട്ടിടങ്ങൾക്ക് മാത്രമാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.
2. അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്ററിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം, നിയമ ലംഘനത്തിന്റെ സ്വഭാവം എന്നീ അടിസ്ഥാന വിവരങ്ങൾ പോലും വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല.
3. 2019 ആദ്യ അർദ്ധവർഷം നികുതി നിർണ്ണയം നടത്തിയ 68.88 ച. മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 7/2. എന്ന നമ്പരാണ് അനുവദിച്ചിട്ടുള്ളത്. UA എന്നത് നമ്പരിനൊപ്പം ചേർത്തിട്ടില്ല.
4. 12/568 എന്ന കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതാണെങ്കിലും UA എന്ന് ചേർത്തല്ല നമ്പർ അനുവദിച്ചിട്ടുള്ളത്.

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.05/27.05.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർദ്ദേശം

മുഴുവൻ അനധികൃത കെട്ടിടങ്ങളും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. യു.എ നമ്പർ അനുവദിച്ചതിലെ അപാകതകൾ പരിഹരിക്കേണ്ടതുമാണ്. അനധികൃത കെട്ടിടങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള തുടർനടപടികളും സ്വീകരിക്കേണ്ടതാണ്.

### 1-16 അങ്കണവാടി പോഷകാഹാരം - ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

2020-21 സാമ്പത്തിക വർഷത്തിൽ അങ്കണവാടി കുട്ടികൾക്കുള്ള പോഷകാഹാരം എന്ന പേരിൽ താഴെ പറയുന്ന 3 പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥ: ഐ.സി.ഡി.എസ് സൂപ്പർവൈസർ

| പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|
| 8/21-അങ്കണവാടി കുട്ടികൾക്കുള്ള പോഷകാഹാരം | 3505000 (വികസന ഫണ്ട്-1500000, കേന്ദ്രാവിഷ്കൃത ഫണ്ട്-2000000, തനത് ഫണ്ട്-5000) | 3431334 (വികസന ഫണ്ട്-1460812, കേന്ദ്രാവിഷ്കൃത ഫണ്ട്- 1970522) |
| 9/21-അങ്കണവാടി കുട്ടികൾക്കുള്ള പോഷകാഹാരം (എസ്.സി.പി) | 1000000 (വികസന ഫണ്ട് – എസ്.സി.പി) | 999145 |
| 10/21-അങ്കണവാടി കുട്ടികൾക്കുള്ള പോഷകാഹാരം (ടി.എസ്.പി) | 100000 (വികസന ഫണ്ട്-ടി.എസ്.പി) | 100000 |

മേൽ പ്രോജക്റ്റുകൾ പ്രകാരം പോഷകാഹാര വിതരണത്തിന്റെ ഭാഗമായി അമൃതം ന്യൂട്രിമിക്സ് വാങ്ങിയ വകയിൽ ഹരിത കുടുംബശ്രീ യൂണിറ്റ്, നെന്മാറ എന്ന സ്ഥാപനത്തിന് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക (ജി.എസ്.ടി ഒഴികെയുള്ള തുക) | ബിൽ നം. / തീയതി |
|---|---|---|---|
| 1 | 1044/17-03-20 | 196105 | 1/29-06-20 |
| 2 | 1054/ 06-04-20 | 182105 | |
| 3 | 1053/07-05-20 | 210490 | |
| 4 | 1065/05-06-20 | 210810 | |
| 5 | 1079/08-07-20 | 239120 | കേന്ദ്ര വിഹിതം ചെക്ക് നം.941863/ 22-01-21 |
| 6 | 1083/15-08-20 | 238665 | |
| 7 | 1091/11-09-20 | 216475 | |
| 8 | 1100/ 08-10-20 | 244720 | ബിൽ നം. 7/ 12-02-21 |
| ആകെ | | 1738490 | |

അക്കൗണ്ട് നമ്പർ- 0744201000118 കനറാ ബാങ്ക്

GST IN- 32AAHFH3926M1Z9

സി.ജി.എസ്.ടി ആക്റ്റ് 2017, എസ്.ജി.എസ്.ടി ആക്റ്റ് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിൽ കരാർ തുകയുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും 1% ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ഇത്തരത്തിൽ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം.2/26-05-22 നുള്ള മറുപടിയിൽ സ്ഥാപനം ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുകയും മേലിൽ ജി.എസ്.ടി ടി.ഡി.എസ് നടത്തുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

നിർദ്ദേശം

കരാർ തുക 2.50 ലക്ഷം രൂപയിൽ അധികരിക്കുന്ന വാങ്ങലുകളിൽ വിതരണക്കാരന്റെ ബില്ലിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
ടി.ഡി.എസ് കുറവു ചെയ്യൽ, റിട്ടേൺ ഫയൽ ചെയ്യൽ എന്നീ നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയാൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പിഴ ഈടാക്കുന്നതിന് ബാധ്യസ്ഥനായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 നെൽകൃഷിക്ക് ഉഴവ് കൂലി ചെലവ് നൽകൽ -സ്പിൽ ഓവർ പ്രോജക്റ്റ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല

2020-21 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്റ്റുകൾ പരിശോധിച്ചതിൽ 'നെൽകൃഷിക്ക് ഉഴവ് കൂലി ചെലവ് നൽകൽ' എന്ന പേരിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു സ്പിൽഓവർ പ്രോജക്റ്റ് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്റ്റ് നമ്പർ- 266/21 (സ്പിൽ ഓവർ) - നെൽകൃഷിക്ക് ഉഴവു കൂലി ചെലവ് നൽകൽ
അടങ്കൽ - 3710000 ( 2450000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം + 1260000- ജില്ലാ പഞ്ചായത്ത്

വിഹിതം)

ചെലവ് - 2450000 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം

ചെക്ക് നമ്പർ - 1862731/ 05-06-20

2019-20 വർഷം ആവിഷ്കരിച്ച് നടപ്പാക്കിയ 1/20 നമ്പർ പ്രോജക്ടിന്റെ സ്പിൽ ഓവർ പ്രോജക്ടായിട്ടാണ് തൻ വർഷം നടപ്പാക്കിയിട്ടുള്ളത്. 2450000 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം മേൽ ചെക്ക് പ്രകാരം 1710 കർഷകരുടെ അക്കൗണ്ടുകളിലേക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രോജക്ടിന്റെ വിശദാംശങ്ങൾ 2020-21 ലെ സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

പ്രോജക്ടിന്റെ വിവരം സുലേഖ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടാതിരുന്നതിന്റെ സാഹചര്യം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/26-05-22) മറുപടി ലഭ്യമാക്കിയില്ല. പ്രൊജക്ടിന്റെ ചെലവുകൾ കൃത്യമായി സുലേഖയിൽ അപ്‌ലോഡ് ചെയ്യേണ്ട ഉത്തരവാദിത്തം നിർവ്വഹണ ഉദ്യോഗസ്ഥനായതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്താതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി - പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

2020-21 ൽ ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി പ്രകാരം നാല് പുതിയ പ്രോജക്ടുകളും 11 സ്പിൽ ഓവർ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 15 പ്രോജക്ടുകൾ ആവിഷ്കരിക്കുകയും 6 സ്പിൽ ഓവർ പ്രോജക്ടുകളും 4 പുതിയ പ്രോജക്ടുകളും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 143/21 -ലൈഫ് മിഷൻ ഭവന പദ്ധതി - ജനറൽ | 1101544 | 218400 |
| 2 | 190/21 – ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം (എസ്.സി.പി) - Spill Over | 1076927 | 540000 |
| 3 | 198/21-ലൈഫ് മിഷൻ ഭവന പദ്ധതി - ജനറൽ (Spill Over) | 401600 | 401600 |
| 4 | 202/21- ലൈഫ് മിഷൻ ഭവന പദ്ധതി (എസ്.സി.പി)- നെല്ലിയാമ്പതി (Spill Over) | 1596144 | 620000 |
| 5 | 197/21- ലൈഫ് മിഷൻ ഭവന പദ്ധതി ജനറൽ - നെല്ലിയാമ്പതി (Spill Over) | 23040000 | 2700000 |
| 6 | 204/21 - ലൈഫ് മിഷൻ ഭവന പദ്ധതി - (Spill Over) | 1880000 | 460000 |
| 7 | 192/21 - ലൈഫ് മിഷൻ ഭവന പദ്ധതി ജനറൽ (Spill Over) | 5851613 | 3651377 |
| 8 | 142/21 - ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ ) | 7566778 | 1687623 |
| 9 | 449/21 - ലൈഫ് ഭവന പദ്ധതി (എസ്.സി.പി അഡീഷണൽ ലിസ്റ്റ് ) | 8000000 | 1580000 |
| 10 | 167/21- ലൈഫ് മിഷൻ ഭവന പദ്ധതി (എസ്.സി.പി) | 1600000 | 1360000 |

2020-21 സാമ്പത്തിക വർഷം വരെ വിവിധ പ്രോജക്ടുകളിലായി എഗ്രിമെന്റ് വെച്ച ആകെ 266 ഗുണഭോക്താക്കളിൽ 255 പേരുടെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. വാച്ച് രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ശോഭന W/o വിജയൻ | 360000 | തീയതി രേഖപ്പെടു ത്തിയിട്ടില്ല |
| 2 | പ്രേമ W/o കാശിരാജൻ | 200000 | തീയതി രേഖപ്പെടു ത്തിയിട്ടില്ല |
| 3 | വത്സല W/o രാജൻ | 360000 | 27-03-22 |
| 4 | ഓമന W/o മണികണ്ഠൻ | 250000 | 18-09-21 |
| 5 | ലക്ഷ്മിക്കുട്ടി W/o ഗംഗാധരൻ | 200000 | 16-03-22 |
| 6 | ഓമന W/o കൃഷ്ണൻകുട്ടി | 380000 | 17-07-20 |
| 7 | മഹേശ്വരി W/o പ്രമോദ് | 360000 | 16-03-22 |
| 8 | ഗിരിജ W/o മാണിക്യൻ | 360000 | 03-01-22 |
| 9 | ബിന്ദു W/o നാരായണൻ | 260000 | 29-03-19 |
| 10 | രാമൻ S/o ആറുമുഖൻ | 360000 | 25-11-19 |
| 11 | ഖദീജ W/o അബ്ദുൾ റഹ്മാൻ | 360000 | 30-09-21 |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 14/30-05-22 നുള്ള മറുപടിയിൽ ക്രമ നം. 2 ലെ ഗുണഭോക്താവ് നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ടെന്നും രജിസ്റ്ററിൽ വിവരം കാലികമാക്കുന്നതാണെന്നും അറിയിച്ചു. മറ്റു ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം അവസാനഘട്ടങ്ങളിലാണെന്നും അറിയിച്ചിട്ടുണ്ട്.

നിർദ്ദേശം

പൂർത്തീകരിക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി-പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

പ്രോജക്ട് - 14/21, എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി
നിർവ്വഹണ ഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ - 2000000 വികസന ഫണ്ട് – SCP

ചെലവ് - 1770000

ബിൽ നം. 27/ 24-09-20 – 180000/-

30/ 27-10-20 – 120000/-

33/ 09-11-20 – 430000/-

35/ 09-11-20 – 490000/-

38/ 23-01-21 – 370000/-

39/ 23-01-21 – 30000/-

42/ 23-02-21 – 30000/-

50/ 23-03-21 – 60000/-

52/ 25-03-21 - 30000/-

55/ 27-03-21 – 30000/-

പത്ത് എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടത്. ഗുണഭോക്താക്കളിൽ രണ്ട് പേരുടെ പഠനമുറി നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ഓമന W/o ചന്ദ്രൻ, നെല്ലിപ്പാടം | 100000 |
| 2 | സിൽജ W/o മധു | 150000 |

നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കുന്നതിനായി നൽകിയ 14(2)/30-05-22 ന് ലഭിച്ച മറുപടിയിൽ ക്രമ നം.2 ലെ ഗുണഭോക്താവ് നിലവിൽ നിർമ്മാണം പൂർത്തീകരിച്ചതായും അവസാന ഗഡു ഉടൻ അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നം. 1 ഗുണഭോക്താവിന് അസുഖം മൂലം നിർമ്മാണം തുടങ്ങാൻ കഴിഞ്ഞിട്ടില്ലെന്നും നിർമ്മാണം ഉടൻ തുടങ്ങുന്നതാണെന്ന് അറിയിച്ചതായും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

നിർദ്ദേശം

പഠനമുറിയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പ് വരുത്തേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 കറവപ്പശുക്കൾക്ക് തീറ്റ വിതരണം -ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്

കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം പ്രോജക്ട് പ്രകാരം 50% സബ്സിഡിയും 50% ശതമാനം ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി കറവയുള്ള പശുവിന് ഒരു മാസം പരമാവധി 100 കിലോഗ്രാം കാലിത്തീറ്റ സർക്കാർ നിശ്ചയിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. 2019-20 ൽ തുടങ്ങിയ പ്രോജക്ട് 2020-21 ലും സ്പിൽ ഓവർ ആയി തുടർന്നിട്ടുണ്ട്. 2020-21 ലെ ചെലവിന്റെ വിശദാംശം താഴെ ചേർക്കുന്നു.

പ്രോജക്ട് നം.- 139/20, 211/21- കറവപ്പശുക്കൾക്ക് തീറ്റ വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

അടങ്കൽ - 2427400 രൂപ (350000- വികസന ഫണ്ട് ജനറൽ, 1077400 – ഗുണഭോക്തൃ വിഹിതം, 1000000- തനത് ഫണ്ട്)

ചെലവ്- 622600 രൂപ (ബിൽ നം. 4/07-05-20 – 350000 (വികസന ഫണ്ട്), ചെക്ക് നം. 5356110/ 31-01-20 – 136300(ഗുണഭോക്തൃ വിഹിതം), ചെക്ക് നം. 5356117/13-02-20 – 136300(ഗുണഭോക്തൃ വിഹിതം))

Kerala Milk Co-operative Milk Marketing Federation Ltd. (മിൽമ) യിൽ നിന്നുമാണ് കാലിത്തീറ്റ വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. വികസന ഫണ്ടിൽ നിന്നുള്ള 350000 രൂപയും ഗുണഭോക്തൃ വിഹിതമായ 272600 രൂപയും ഉൾപ്പെടെ ആകെ 622600 രൂപ തൻവർഷം മിൽമയ്ക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ 545200 രൂപയ്ക്കുള്ള കാലിത്തീറ്റ മാത്രമാണ് മിൽമ വിതരണം ചെയ്തിട്ടുള്ളത്. വിശദാംശം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം./ തീയതി | അളവ് | നിരക്ക് | തുക (രൂപ) |
|---|---|---|---|
| 4/18034/1 തി. 27-12-19 | 235 ബാഗ് | 1175/ Bag | 276125 |
| 4/19827/1 തി. 25-01-20 | 229 ബാഗ് | 1175/ Bag | 269075 |

| ആകെ | 545200 |
|---|---|

മിൽമയിലേക്ക് മുൻകൂറായി നൽകിയ 622600 രൂപയിൽ 545200 (272600 സബ്സിഡി + 272600 ഗുണഭോക്തൃ വിഹിതം) കഴിച്ചുള്ള 77400 രൂപ മിൽമയുടെ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ഈ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റ് വേളയിൽ ഹാജരായി അറിയിച്ചിട്ടുണ്ട്.

നിർദ്ദേശം

ചെലവഴിക്കാതെ അവശേഷിക്കുന്ന 77400 രൂപ മിൽമയിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ് അടവാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി മറ്റു ഫണ്ടുകൾക്കു പകരം വികസന ഫണ്ട് ഉപയോഗിച്ചു

പ്രോജക്റ്റ് നം. 179/21-മഴക്കാല പൂർവ്വ ശുചീകരണം
നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി
അടങ്കൽ - 400000 (വികസന ഫണ്ട്- ജനറൽ)
ചെലവ് - 400000 (ബിൽ നം. 2/22.05.20)

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡ് ഒന്നിന് 20000 രൂപ വീതം 20 വാർഡുകളിലെ വാർഡുതല ശുചിത്വ കമ്മിറ്റികൾക്കു വിതരണം ചെയ്യുന്നതിനായി സി.എച്ച്.സി സൂപ്രണ്ടിന് 400000 രൂപ തുക കൈമാറിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ താഴെ പറയുന്നു.
സ.ഉ(ആർടി)നം.844/2020/തസ്വഭവ തിയതി 08-05-20 പ്രകാരം വാർഡ് ഒന്നിന് ശുചിത്വ മിഷൻ വിഹിതം, എൻ.ആർ.എച്ച്.എം വിഹിതം, തനത് ഫണ്ട് എന്നിവയിൽ നിന്നും 25000 രൂപ മാത്രമാണ് ഈ ആവശ്യത്തിനായി വിനിയോഗിക്കാവുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ശുചിത്വ മിഷൻ കോൺട്രിബ്യൂഷൻ - Rs.10000
NHM വിഹിതം - Rs.10000
തനത് ഫണ്ട് - Rs.5000
ആകെ – Rs.25000/വാർഡ്

മേൽ ഫണ്ടുകൾ ഉപയോഗപ്പെടുത്തി തുക അനുവദിക്കുന്നതിനു പകരം പ്രോജക്റ്റ് രൂപീകരിച്ച് ജനറൽ വിഭാഗം വികസന ഫണ്ടാണ് വാർഡ്തല കമ്മിറ്റികൾക്ക് അനുവദിച്ചിട്ടുള്ളത്. ഈ ആവശ്യത്തിനായി വികസന ഫണ്ട് വിനിയോഗിച്ചതിന്റെ സാഹചര്യം വിശദമാക്കുന്നതിനുള്ള ഓഡിറ്റ് അന്വേഷണത്തിന്(നം.7/28.05.22) മറുപടിയായി ഈ കാലയളവിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കൂടി നടന്നിരുന്നതു കൊണ്ടാണ് വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തിയത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.
ഫണ്ട് വകമാറ്റി ചെലവഴിച്ചതിനുള്ള മറുപടി തൃപ്തികരമല്ല.

വാർഡ്തല ശുചിത്വ കമ്മിറ്റികൾക്ക് വിതരണം ചെയ് തുക വിനിയോഗിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2022 ലെ വിനിയോഗ സാക്ഷ്യപത്രങ്ങൾ മാത്രമാണ് ലഭ്യമാക്കിയത്.
മതിയായ കാരണങ്ങളില്ലാതെ വികസനഫണ്ട് വക മാറ്റിയതിനാലും രേഖകൾ ഹാജരാക്കാത്തതിനാലും 400000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-22 പൊതുടാപ്പുകളുടെ വെള്ളക്കരം - ഗ്രാമപഞ്ചായത്തിന്റെ ബാധ്യത കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ രണ്ടു പദ്ധതികളിലായി 2019-20 വർഷത്തില്ഢ 3021336 രൂപയും 2020-21 വർഷത്തിൽ 3895944 രൂപയും ചെലവഴിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുമാണ് തുക ചെലവഴിച്ചിട്ടുള്ളത്.

പ്രോജക്ടുകളുടെ വിശദാംശങ്ങൾ

2019-20 വർഷം

1.പ്രോജക്ട് നം 13/20

അടങ്കൽ-3579512

ചെലവ് -2771648

2.പ്രോജക്ട് നം 176/20

അടങ്കൽ-249688

ചെലവ് -249688

2020-21 വർഷം

1.പ്രോജക്ട് നം 109/21

അടങ്കൽ-599376

ചെലവ് -599376

2.പ്രോജക്ട് നം 7/21

അടങ്കൽ-1198752

ചെലവ് -1198752

3.പ്രോജക്ട് നം 422/21

അടങ്കൽ-2397504

ചെലവ് – 2097816

പൊതുടാപ്പുകളുടെ കണക്ക്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് 685 പൊതുടാപ്പുകൾക്കാണ് വെള്ളക്കരം അടവാക്കിയിട്ടുള്ളത്. വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും ചേർന്ന് 2021 ജൂലൈ മാസം നടത്തിയ സംയുക്ത പരിശോധനയിൽ എല്ലാ വാർഡുകളിലുമായി പൊതു ടാപ്പുകളുടെ എണ്ണം 413 ആയി തിട്ടപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 413 ടാപ്പുകളുടെ വെള്ളക്കരം മാത്രമാണ് അടവാക്കുന്നത്.

ജലജീവൻ പദ്ധതി

രാജ്യത്തെ ഗ്രാമീണ മേഖലയിൽ 2024 വർഷത്തോടെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ. ആവശ്യമായ അളവ് കുടിവെള്ളം ദീർഘ കാലത്തേക്ക് താങ്ങാവുന്ന ചെലവിൽ ലഭ്യമാക്കുക എന്നതും ജലജീവൻ മിഷന്റെ ലക്ഷ്യമാണ്. ഗ്രാമപഞ്ചായത്ത് ജലജീവൻ പദ്ധതിയുടെ നിർവ്വഹണത്തിനായി കേരള ജല അതോറിറ്റിയെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

എസ്റ്റിമേറ്റ് പ്രകാരം ആകെ 26 ലക്ഷം രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 3.90 ലക്ഷം രൂപയ്ക്ക് പദ്ധതി പ്രവർത്തനത്തിനായി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഗ്രാമപഞ്ചായത്തിനെ വിവിധ മേഖലകളാക്കി തിരിച്ച് ഓരോ മേഖലയിലും എല്ലാവർക്കും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാകുന്നതിനനുസരിച്ച് ആ മേഖലകളിലെ പൊതുടാപ്പുകൾ നിർത്തലാക്കുക എന്ന രീതിയിൽ പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ഉണ്ടാകുന്ന അധിക ചെലവ് കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ജലജീവൻ പദ്ധതിയുടെ മോണിറ്ററിംഗ് ഗ്രാമപഞ്ചായത്ത് തലത്തിൽ ഉറപ്പാക്കി എത്രയും വേഗം പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

3. നിലവിലുള്ള എല്ലാ ജലസ്രോതസ്സുകളുടെയും നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിരപരിപാലനവും ഉറപ്പാക്കുന്നതിനും പുതിയൊരു ജലസംരക്ഷണ വിനിയോഗ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുന്നതിനും ശ്രമം ഉണ്ടാകേണ്ടതാണ്. മഴവെള്ള സംഭരണം, ഭൂഗർഭജല പരിപോഷണം എന്നിവയ്ക്കായി വൈവിധ്യമായ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

4. ആവർത്തന ചെലവിന് തനത്ഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റ്/റോഡിതര മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്നും തുക കണ്ടെത്തുന്നതിന് പകരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചതിന്റെ സാഹചര്യം വ്യക്തമാക്കുവാനായി എൻക്വയറി (നം.18/31-5-22) നൽകിയതിന് മറുപടിയായി കുടിവെള്ള പ്രോജക്ടുകൾ വികസനഫണ്ടിൽ നിന്നും ചെലവ് ചെയ്യാമെന്നുള്ളതി നാലാണ് അപ്രകാരം ചെയ്തിട്ടുള്ളതെന്നും വെള്ളക്കരം ആവർത്തനച്ചെലവായതിനാൽ തുടർ വർഷങ്ങളിൽ തനത് ഫണ്ട് വകയിരുത്തുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. വെള്ളക്കരം പോലുള്ള ആവർത്തനച്ചെലവുകൾക്ക് തനത് സ്രോതസ്സുകളിൽ നിന്നും തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയം വിലയിരുത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി തെരുവുവിളക്കുകൾ വാങ്ങി - അന്വേഷണം ആവശ്യപ്പെടുന്നു

പ്രൊ.നം. 14/20(217/21)-പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
അടങ്കൽ - 25 ലക്ഷം (തനത് ഫണ്ട്)

ചെലവ് – 2128092 (2019-20 – 259999 രൂപ + (2020-21 – 1868093 രൂപ) (1636 LED കൾക്ക് @ 1300 രൂപ നിരക്കിൽ നൽകിയ തുക)
*(1. 259999- വൗച്ചർ നം 21901494/12.03.20-ചെക്ക് നം 841057/12.03.20,*
*2.798196- 18.03.21 തീയതിയിലെ വൗച്ചർ നം 22001357 മുതൽ 22001361 വരെ- ചെക്ക് നം -5153344/18.03.21,*
*3. 597999- വൗച്ചർ നം 22000622/18.08.20, ചെക്ക് നം 941778/18.08.20,*
*4. 471898- വൗച്ചർ നം 22000170/21.05.20, ചെക്ക് നം 878514/21.05.20)*

ഗ്രാമപഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ 24 വാട്ടിന്റെ LED സ്ഥാപിക്കുന്നതിനായി ഇ-ടെണ്ടർ ക്ഷണിച്ചതിനുശേഷം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ (L1) ഒഴിവാക്കി മറ്റൊരു സ്ഥാപനത്തെ തെരഞ്ഞെടുത്തതായി ഫയൽ പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
ടെണ്ടർ പരസ്യം നം. ജി.107715/2019 Dt. 25-9-19
മൂന്ന് വർഷത്തെ വാറണ്ടിയും വാറണ്ടി പിരീഡിന് ശേഷം മൂന്നു വർഷത്തെ Comprehensive Maintenance Contract കൂടി ഉൾപ്പെടുത്തിയാണ് ടെണ്ടർ വ്യവസ്ഥകൾ രൂപീകരിച്ചിട്ടുള്ളത്.
ലാമ്പ് ഒന്നിന്

പ്രൊ.നം. 14/20(217/21)-പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
അടങ്കൽ - 25 ലക്ഷം (തനത് ഫണ്ട്)

ചെലവ് – 2128092 (2019-20 – 259999 രൂപ + (2020-21 – 1868093 രൂപ) (1636 LED കൾക്ക് @ 1300 രൂപ നിരക്കിൽ നൽകിയ തുക)

ഗ്രാമപഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ 24 വാട്ടിന്റെ LED സ്ഥാപിക്കുന്നതിനായി ഇ-ടെണ്ടർ ക്ഷണിച്ചതിനുശേഷം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ (L1) ഒഴിവാക്കി മറ്റൊരു സ്ഥാപനത്തെ തെരഞ്ഞെടുത്തതായി ഫയൽ പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
ടെണ്ടർ പരസ്യം നം. ജി.107715/2019 Dt. 25-9-19
മൂന്ന് വർഷത്തെ വാറണ്ടിയും വാറണ്ടി പിരീഡിന് ശേഷം മൂന്നു വർഷത്തെ Comprehensive Maintenance Contract കൂടി ഉൾപ്പെടുത്തിയാണ് ടെണ്ടർ വ്യവസ്ഥകൾ രൂപീകരിച്ചിട്ടുള്ളത്.
ലാമ്പ് ഒന്നിന് 1385 രൂപ രേഖപ്പെടുത്തിയ അമ്മിണി എനർജി സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനമാണ് ഇ-ടെണ്ടറിൽ L1 ആയി അന്തിമ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. രണ്ടാമത്തെ കുറഞ്ഞ നിരക്കായ 1500 രൂപ ക്വോട്ട് ചെയ്തിരുന്നത് ട്രാൻസ്ഫോം ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, കളമശ്ശേരി (L2) എന്ന സ്ഥാപനമാണ്.

ഫയൽ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. 26-10-19 ലെ തീരുമാനം നം. 3 പ്രകാരം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത വ്യക്തികളേയും സ്ഥാപനങ്ങളേയും വിളിച്ച് നെഗോഷ്യേഷനുവേണ്ടി ശ്രമിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ തീരുമാന പ്രകാരം അമ്മിണി ഇലക്ട്രിക്കൽസിനേയും (L1) ട്രാൻസ്ഫോം ഇലക്ട്രിക്കൽസിനേയും(L2) 19-12-19 ന് നെഗോഷ്യേഷനു വേണ്ടി നം. എ2-05/1 നം. കത്ത് പ്രകാരം അറിയിപ്പ് നൽകിയിട്ടുണ്ട്.
സ്റ്റോർസ് പർച്ചേസ് മാന്വൽ ഖ.9.18 ന്റെ കുറിപ്പിൽ ഇ-ടെണ്ടറിൽ നെഗോഷ്യേഷൻ നടത്തേണ്ടത് ഓൺലൈൻ ആയാണ്. ഇ-ടെണ്ടർ തുറന്നതിനുശേഷം നെഗോഷ്യേഷൻ നടത്തിയത് മാനദണ്ഡങ്ങളുടെ ലംഘനമാണ്.
2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ ഖ.18.5 പ്രകാരം കരാറുകാരുമായുള്ള നെഗോഷ്യേഷൻ കർശനമായും നിരുത്സാഹപ്പെടുത്തേണ്ടതാണെന്നും L1 ക്വോട്ട് ചെയ്ത നിരക്ക് യുക്തിസഹമല്ലെങ്കിൽ മാത്രം ആദ്യ ഘട്ടത്തിൽ L1 മായി വിലപേശൽ നടത്താവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ തന്നെ രണ്ട് സ്ഥാപനങ്ങളേയും വിലപേശലിനായി ക്ഷണിച്ചതും ക്രമപ്രകാരമല്ല.

5. 22-10-19 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാന പ്രകാരം ടെണ്ടറിൽ നോട്ടീസിൽ സൂചിപ്പിച്ച നിബന്ധനകൾക്ക് പുറമേ അധിക നിബന്ധനകൾ ഏർപ്പെടുത്തിയതായി 19-12-19 ലെ കത്തിൽ ഗ്രാമപഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച അധിക നിബന്ധനകൾ താഴെ ചേർക്കുന്നു.

1. സ്പിൽ ഓവറായി പദ്ധതി തുടരേണ്ടി വന്നാൽ അതത് വർഷങ്ങളിലെ തുക മാത്രമേ അനുവദിക്കൂ.
2. വാറണ്ടി കാലയളവിൽ സ്ഥാപിക്കുന്ന ലൈറ്റുകൾ കൂടാതെ പഞ്ചായത്തിലെ മറ്റ് ലൈറ്റുകൾക്കും കേടുപാടുകൾ സംഭവിക്കുന്നപക്ഷം റീപ്ലേസ് ചെയ്യേണ്ടതാണ്.
3. വാറണ്ടി കാലയളവിൽ മുഴുവൻ സമയവും രണ്ട് ടെക്നീഷ്യൻമാരുടേയും വാഹനത്തിന്റേയും ചെലവ് സ്ഥാപനം വഹിക്കേണ്ടതാണ്.
   സ്റ്റോർസ് പർച്ചേസ് മാന്വൽ ഖ.7.33 ൽ ആവശ്യകത കൃത്യമായി വിലയിരുത്തിയതിനുശേഷം മാത്രം വാങ്ങൽ നടത്തേണ്ടതാണെന്നും ടെണ്ടറിനു ശേഷം ഇനവിവരണങ്ങളിൽ മാറ്റം വരുത്തരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇ-ടെണ്ടർ നിബന്ധനകളിൽ ഉൾപ്പെടുത്താതിരുന്ന വ്യവസ്ഥകൾ ടെണ്ടറിനുശേഷം നിശ്ചയിച്ചത് ശരിയായ നടപടിയല്ല.

സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം വാങ്ങലുകൾക്കുള്ള തീരുമാനം എടുക്കേണ്ടത് പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ്. എന്നാൽ ഇത്തരത്തിലുള്ള തീരുമാനം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

2. ഭരണസമിതിയുടെ 29-11-19 ലെ 3(1)-ാം നമ്പർ തീരുമാനം പ്രകാരം രണ്ടാമത്തെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ട്രാൻസ്ഫോം ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. 1300 രൂപയാണ് സ്ഥാപനം ഓഫർ ചെയ്ത പുതുക്കിയ നിരക്ക്. ആയതനുസരിച്ച് 30-11-19 ന് കത്ത് നം. എ2-06/19 പ്രകാരം എഗ്രിമെന്റ് ഒപ്പു വയ്ക്കുന്നതിനായി അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

3. ഭരണസമിതിയുടെ 29-11-19 ലെ തീരുമാനം നം. 3(1) പരിശോധിച്ചതിൽ ടെണ്ടർ നിരസിക്കുവാനുള്ള കാരണമോ അംഗീകരിച്ചതിന്റെ കാരണമോ രേഖപ്പെടുത്തിയിട്ടില്ല. 5 സ്ഥാപനങ്ങൾ പങ്കെടുത്തതിന്റെ വിവരം മാത്രമാണ് തീരുമാനത്തിൽ ചേർത്തിട്ടുള്ളത്.

4. L1 ആയിരുന്ന അമ്മിണി ഇലക്ട്രിക്കൽസ് 3-12-19 ലെ KESPL-1/M&F/LB/19-20 നം. കത്തിൽ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് താഴെ പറയുന്ന പരാതികൾ ഉന്നയിച്ചിട്ടുണ്ട്.

അമ്മിണി ഇലക്ട്രിക്കൽസിന്റെ സേവനം കൃത്യമായി ലഭിക്കുന്നില്ല എന്ന് ഭരണസമിതി വിലയിരുത്തിയതിനാൽ ടെണ്ടറിൽ നിന്ന് ഒഴിവാക്കിയതായും L2 ന്റെ ടെണ്ടർ അംഗീകരിച്ചതായും 3-12-19 ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുള്ളതായുംയും വ്യക്തമായ കാരണങ്ങളില്ലാതെയാണ് തങ്ങളെ

ഒഴിവാക്കി L2 വിനെ തെരഞ്ഞെടുത്തതെന്നും പരാതിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സാമ്പിൾ ആവശ്യപ്പെട്ടിരുന്നില്ല എന്നും പരാതിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

6. 5. ട്രാൻസ്ഫോം ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് നം. 24/20 തിയതി 25-2-20 പ്രകാരം എഗ്രിമെന്റ് വെച്ചിട്ടുണ്ട്.
7. സ്റ്റോർസ് പർച്ചേസ് മാന്വൽ, 2013 ലെ ഖ. 19.3 ൽ സ.ഉ(പി)നം.7/19/എസ്.പി.ഡി തിയതി 26-4-2019 പ്രകാരം വരുത്തിയ ഭേദഗതികളനുസരിച്ച് 25000 രൂപയ്ക്ക് മുകളിലുള്ളതും GeM പ്ലാറ്റ്ഫോമിൽ ലഭ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും ഒഴികെയുള്ള സാധനങ്ങൾ നിർബന്ധമായും GeM മുഖേന വാങ്ങേണ്ടതാണ്. മേൽ സൂചിപ്പിച്ച വാങ്ങൽ നടത്തുന്നതിനു മുമ്പായി GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിക്കാതിരുന്നത് വ്യവസ്ഥകളുടെ ലംഘനമാണ്.

ഓഡിറ്റ് വിലയിരുത്തൽ

GeM മുഖേന സാധനങ്ങൾ വാങ്ങാതെ മറ്റ് രീതിയിൽ വാങ്ങിയത് സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങളുടെ ലംഘനമാണ്.

ടെണ്ടറിനുശേഷം പുതിയ നിബന്ധനകൾ ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല എന്ന മാനദണ്ഡം പാലിക്കാതെ ടെണ്ടർ നടത്തിയതിനുശേഷം പുതിയ വ്യവസ്ഥകൾ രൂപീകരിച്ചു.

തീരുമാനങ്ങൾ വ്യക്തമായും പ്രൊക്യൂർമെന്റ് കമ്മിറ്റിയുടേയും ഗ്രാമപഞ്ചായത്തിന്റേയും മിനിറ്റ്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

ഇ-ടെണ്ടറിൽ, ടെണ്ടർ ഓപ്പൺ ചെയ്യുന്നതിനു മുമ്പായി ഓൺലൈൻ ആയി നെഗോഷ്യേഷൻ നടത്തുന്നതിനു പകരം ടെണ്ടർ ഓപ്പൺ ചെയ്തതിനുശേഷം നെഗോഷ്യേഷൻ നടത്തിയത് ശരിയല്ല.

മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം 17/30.05.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കാത്തതിനാലും അധിക രേഖകൾ ഹാജരാക്കാത്തതിനാലും പദ്ധതിക്കായി ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

അർഹതപ്പെട്ട സ്ഥാപനത്തെ ഒഴിവാക്കി മാനദണ്ഡങ്ങൾ പാലിക്കാതെ മറ്റൊരു സ്ഥാപനത്തെ തെരഞ്ഞെടുത്ത നടപടി അന്വേഷണ വിധേയമാക്കേണ്ടതാണ്.

ഡി.ഡി.പി ക്ക് L1 നൽകിയ പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തൽ

സംസ്ഥാനത്തൊട്ടാകെയുള്ള മാലിന്യ പ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിനും മാലിന്യത്തെ വരുമാനം ആക്കി മാറ്റുന്നതിനും ലക്ഷ്യമിട്ടാണ് ഹരിതകർമ്മ സേനകളുടെ പ്രവർത്തനം നടന്നു വരുന്നത്. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ രൂപീകരണം, പ്രവർത്തനം, മാലിന്യനീക്കം, ഹരിതകർമ്മസേനാ കൺസോർഷ്യത്തിന്റെ രൂപീകരണം സേനാംഗങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ, ആയതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഇടപെടൽ എന്നിവ വിലയിരുത്തുന്നതിനുമാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. ഇതിനായി പദ്ധതി ഫയലുകൾ, ചെലവ് രേഖകൾ, ഹരിതകർമ്മസേനയുടെ രജിസ്റ്ററുകൾ, മിനിറ്റ്സ്, ഭരണസമിതി തീരുമാനങ്ങൾ തുടങ്ങിയവ പരിശോധനയ്ക്ക് വിധേയമാക്കുകയും കർമ്മസേനാംഗങ്ങളോട് നേരിൽ സംസാരിക്കുകയും ചെയ്തു.

രൂപീകരണവും പ്രവർത്തനവും

വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്.

ഗ്രാമപ്രദേശങ്ങളിലെ വീടുകളിൽ നിന്ന് 50 രൂപയും ടൗണിൽ നിന്നും 100 രൂപയും കടകളിൽ നിന്ന് 150

മുതൽ 500 രൂപ വരെയും ആണ് യൂസർഫീ നിശ്ചയിച്ചിട്ടുള്ളത്.

യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ടെന്ന് ഹരിത കർമ്മസേനാംഗങ്ങൾ അറിയിച്ചു. 20 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ നിലവിൽ 24 അംഗങ്ങളാണുള്ളത്. അംഗങ്ങളുടെ എണ്ണം കുറവായതിനാൽ 14 വാർഡുകളിൽ മാത്രമേ കളക്ഷനായി എത്താൻ കഴിയുന്നുള്ളൂ. ഒരു അംഗത്തിന് പ്രതിമാസം ശരാശരി 6000 രൂപ വരെയാണ് ലഭിമാകുന്നത്.

ഹരിത കർമ്മസേനയെ 3 സംരംഭ ഗ്രൂപ്പുകളായി തിരിക്കുകയും കൺസോർഷ്യം രൂപീകരിക്കുകയും ഓരോ കൺസോർഷ്യത്തിനും അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ സംരംഭ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനായി തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും സംരംഭ പ്രവർത്തനങ്ങൾ നാളിതു വരെ ആരംഭിച്ചിട്ടില്ല.

യൂസർഫീ അപര്യാപ്തമായ സാഹചര്യങ്ങളിൽ ഹരിതകർമ്മസേനക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ 464800 രൂപ വയബിലിറ്റി ഗ്യാപ് ഫണ്ട് ആയി നൽകിയിട്ടുണ്ട്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)

ഗ്രാമപഞ്ചായത്തിന്റെ പ്രധാന എം.സിഎഫ് കേന്ദ്രം വക്കാവിലാണ് സ്ഥിതി ചെയ്യുന്നത്. പാഴ് വസ്തു ശേഖരണ കേന്ദ്രങ്ങളിൽ തീപിടുത്ത സാഹചര്യങ്ങൾ ഒഴിവാക്കുവാനുള്ള സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പു വരുത്തുന്നതിനായി ജി.ഒ(ആർ.ടി)നം.113/21/ത.സ്വ.ഭ.വ തിയതി 16.01.21 മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അഗ്നിശമന സേനയുടെ മാനദണ്ഡങ്ങൾ പ്രകാരമുള്ള സുരക്ഷാ സജ്ജീകരണങ്ങൾ എം.സി.എഫിൽ നാളിതുവരെ ഒരുക്കിയിട്ടില്ല.
അംഗങ്ങൾക്ക് യൂണിഫോം, മാസ്ക്, സാനിറ്റൈസർ, ബൂട്ട് തുടങ്ങിയവ ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്.

മിനി എം.സി.എഫുകളും ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റിയും(ആർ.ആർ.എഫ്) ഗ്രാമപഞ്ചായത്തിൽ നിലവിലില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്.
- വാർഡുകളുടെ എണ്ണത്തിനനുസൃതമായി കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമമുണ്ടാകേണ്ടതാണ്.
- അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള യൂസർ ഫീസ് ഉറപ്പാക്കേണ്ടതാണ്.
- യൂസർഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
- ഹരിതസംരംഭകർക്ക് ആവശ്യമായ വൈദഗ്ദ്യ പരിശീലനം നൽകി സംരംഭക പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.
- എംസി.എഫിൽ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്തേണ്ടതും ജലലഭ്യത ഉറപ്പു വരുത്തേണ്ടതുമാണ്.
- യൂസർഫീ നൽകാത്ത വീട്ടുടമകൾ വ്യാപാരികൾ, സേനാംഗങ്ങളോട് മോശമായി പെരുമാറുന്നവർ എന്നിവരുടെ പേരുവിവരം ശേഖരിച്ച് ഇവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ഹരിത കർമ്മസേനയുടെ പ്രവർത്തനശേഷി നിരന്തരം ഉയർത്തുന്നതിനുള്ള പിന്തുണയും പ്രോത്സാഹനവും ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണ്. കർമ്മസേനയുടെ തൊഴിൽ മാന്യത ഉറപ്പു വർദ്ധിപ്പിക്കേണ്ടതും ആത്മവിശ്വാസം നിലനിർത്തുന്നതും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്.
- ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് വി.ഇ.ഒ മാർ ഉറപ്പാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ ഉപയോഗം ക്രമപ്പെടുത്തേണ്ടതാണ്

241/121-ഫർണിച്ചറുകൾ വാങ്ങൽ
അടങ്കൽ-150000(തനത് ഫണ്ട്)
ചെലവ് - 110337( വൗച്ചറുകൾ 22000788,22000802,22000808 തീയതി 07.10.2020, ചെക്ക് നം 5153325/13.10.20)

ഗ്രാമപഞ്ചായത്തിന്റെ ജീപ്പ് ഷെഡിനു മുകളിൽ പണി കഴിപ്പിച്ചിട്ടുള്ള സ്റ്റാഫ് ക്വാർട്ടേഴ്സിലേക്കാവശ്യമായ ഫർണിച്ചറുകൾ തൻവർഷം 110337 രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

Cot-190x120x45 Cm Wooden Plank & Polish Finish - 2എണ്ണം
Table- 150x90x75 Cm Top Wood Plank Polish Finish - 2എണ്ണം
Steel Almirah- 180x90x450cm 4 Tube & Lock
Finishing 5 Shelf - 1എണ്ണം
Bed -120x180x 4 Inch Thick With Good Quality - 2എണ്ണം
Plastic Arm Chair Nilkamal - 34 എണ്ണം

താമസാവശ്യത്തിനുള്ള എല്ലാ സൗകര്യങ്ങളും ക്വാർട്ടേഴ്സിൽ ഗ്രാമപഞ്ചായത്ത് ഒരുക്കിയ സാഹചര്യത്തിൽ ക്വാർട്ടേഴ്സ് രേഖാമൂലം ഉദ്യോഗസ്ഥർക്ക് താമസിക്കുന്നതിനായി കൈമാറിയിട്ടുണ്ടെങ്കിൽ നിലവിൽ താമസിക്കുന്ന ഉദ്യോഗസ്ഥരുടെ പേര്, തസ്തിക എന്നീ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം. 9/28.05.22 നുള്ള മറുപടിയായി ക്വാർട്ടേഴ്സിൽ ഔദ്യോഗികമായി ആരും താമസിക്കുന്നില്ല എന്നും ദൂരെയുള്ള ജീവനക്കാർക്ക് അത്യാവശ്യ ഘട്ടങ്ങളിൽ താമസിക്കുന്നതുൾപ്പെടെയുള്ള പൊതുവായ ആവശ്യങ്ങൾക്കാണ് നിലവിൽ ഉപയോഗിച്ചു വരുന്നതെന്നും സെക്രട്ടറി അറിയിച്ചു. ജില്ല മാറി വരുന്ന ജീവനക്കാർ ക്വാർട്ടേഴ്സ് ആയി താമസത്തിന് ആവശ്യപ്പെട്ടാൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
ക്വാർട്ടേഴ്സ് നിയമാനുസൃതം ഉദ്യോസ്ഥർക്ക് നൽകുവാനും അപ്രകാരം നൽകുമ്പോൾ ചട്ടപ്രകാരമുള്ള വീട്ടു വാടക ബത്ത കുറവു ചെയ്യുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-26 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ വിലയിരുത്തൽ

### എ. ചെലവിന്റെ വിവരം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 192 മരാമത്ത് പ്രവൃത്തികൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 140 പ്രവൃത്തികൾക്കുള്ള തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 9.21 കോടി രൂപയിൽ 4.63 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തിയ തുകയുടെ 50% മാത്രമാണ് തൻവർഷത്തെ ചെലവ്. 52 പ്രോജക്റ്റുകൾ സ്പിൽ ഓവറായിട്ടുണ്ട്. പല കരാറുകാരും സമയ പരിധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാതിരിക്കുന്നത് ഫണ്ട് വിനിയോഗത്തെ ബാധിക്കുന്നുണ്ട്. PWD മാന്വൽ പ്രകാരം പരമാവധി 50% വരെയുള്ള കാലയളവാണ് പൂർത്തീകരണത്തിനായി ദീർഘിപ്പിച്ചു നൽകാവുന്നത്. കോവിഡ് പ്രതിസന്ധിക്കു മുമ്പ് പൂർത്തീകരിക്കേണ്ടിയിരുന്ന ധാരാളം പ്രവൃത്തികൾ തൻവർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ എണ്ണക്കൂടുതലും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തിയതി 25-01-2019 പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം കാര്യക്ഷമമായി നടപ്പാക്കപ്പെട്ടിട്ടില്ല. പല എസ്റ്റിമേറ്റുകളുടേയും റിവിഷൻ നടത്തിയിട്ടുള്ള എഗ്രിമെന്റ് പ്രകാരം നിശ്ചയിച്ചിട്ടുള്ള കാലാവധി കഴിഞ്ഞാണ്. ആയത് പ്രവൃത്തികളുടെ നിർവ്വഹണത്തെ ബാധിക്കുന്നുണ്ട്.

### ബി. രേഖകളുടെ സൂക്ഷിപ്പ്

1. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ PWD മാന്വൽ അനുസരിച്ചുള്ള പിഴ ഈടാക്കുന്നുണ്ടെങ്കിലും കരാർ കാലാവധി തീരുന്നതിനുമുമ്പുള്ള കരാറുകാരുടെ അപേക്ഷയും എഞ്ചിനിയറുടെ ശുപാർശയും ഇല്ലാതെയാണ് കരാർ കാലാവധി ദീർഘിപ്പിച്ച നൽകുന്നത്.

3. കരാർ കാലാവധി ദീർഘിപ്പിക്കുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വച്ച് പുതുക്കിയ മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്യുന്നില്ല.

4. പല ഫയലുകളിലും എസ്റ്റിമേറ്റ് റിപ്പോർട്ട്, കെട്ടിടങ്ങളുടെ പ്ലാൻ, ടി.എസ് ലഭ്യമായതിന്റെ വിവരം എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

5. അളവു പുസ്തകങ്ങളിലെ തിരുത്തലുകൾ അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. എസ്റ്റിമേറ്റുകളിൽ മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ളേ ബോർഡിനുള്ള തുക വകയിരുത്തി അവ സ്ഥാപിക്കുന്നില്ല.

7. സചിത്ര സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കുവാനും പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തു വാനും സാധിച്ചിട്ടില്ല.

8. റോഡ് പ്രവൃത്തികൾ ഏറ്റെടുത്തത് റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കാതെയാണ്.

9. പൂർത്തീകരണ കാലാവധിക്കു മുമ്പായി എസ്റ്റിമേറ്റ് റിവിഷൻ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. ആസ്തി സംരക്ഷണ പദ്ധതി

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്റ്റുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. മാർഗ്ഗരേഖ പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

2. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത വിലിയരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമല്ല.

4. ഓഡിറ്റ് നിർദ്ദേശം

1. സാമ്പത്തിക വർഷാവസാനം കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.
2. പ്രവൃത്തികളുടെ ഓരോ ഘട്ടവും തീരുന്ന മുറയ്ക്ക് പാർട്ട് ബില്ലുകൾ അനുവദിച്ച് പരമാവധി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. PWD മാന്വൽ അനുസരിച്ചുള്ള സമയക്രമം പാലിച്ചുകൊണ്ട് കരാറുകാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
4. വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഇടപെടൽ നടത്തേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാ ക്കേണ്ടതാണ്.
5. മരാമത്ത് പ്രവൃത്തികളുടെ രേഖകൾ കാലികമാക്കി സൂക്ഷിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

6. ആസ്തി സംരക്ഷണ പദ്ധതി രൂപീകരിച്ച മാത്രം മെയന്റനൻസ് ഫണ്ട് ചെലവഴിക്കേണ്ടതാണ്.
7. മെയ്ന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കുന്നത് ഒഴിവാക്കേണ്ടതാണ്.
8. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ PWD മാന്വൽ, 1997 ലെ കേരള പഞ്ചായത്ത് രാജ്(മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 10(1)/28-5-22)

## 1-27 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയപ്പോൾ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിന ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിന മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്.

താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഇടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
